# പുതിയ ജീവിതം നയിക്കേണ്ടതിനാണ്

റോമാ 6, 4

## വിചിന്തനം

ഏപ്രിൽ 2025

'ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്' (റോമാ 6, 4).

ഓരോ ക്രിസ്ത്യാനിയും നിരന്തര ധ്യാനത്തിലൂടെ തന്റെ ഹൃദയത്തിൽ കോറിയിടേണ്ട ഒരു കാഴ്ച യാണ് പിതാവിന്റെ മഹത്വത്തിലുള്ള ക്രിസ്തുവിന്റെ ഉയിർപ്പ്. യേശുവിന്റെ പീഡാനുഭവ, മരണ, ഉത്ഥാനങ്ങളുടെ വിചിന്തനത്തിനായി പ്രത്യേകമാം വിധം ഒരുങ്ങുമ്പോൾ ദൈവാത്മാവ് നമ്മെ നയിക്കുന്നത് ജ്ഞാനസ്നാനത്തിലൂടെ നാം ക്രിസ്തുവിന്റെ മരണത്തോട് ഐക്യപ്പെട്ടിരിക്കുന്ന തുപോലെ അവന്റെ ഉയിർപ്പിനോടും ഐക്യപ്പെട്ടിരിക്കുകയാണ് എന്ന വലിയ തിരിച്ചറിവിലേക്കാണ്. ഉത്ഥാനത്തിന്റെ വിജയത്തിലേക്കാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത് എന്ന സദ്വാർത്ത പൂർണ ഹൃദയത്തോടെ സ്വീകരിക്കുകയും ഉച്ചത്തിൽ ഈ ലോകത്തോടു വിളിച്ചുപറയുകയുമല്ലേ നാം ചെയ്യേണ്ടത്? ഇനി നിരാശയ്ക്കോ ആശയക്കുഴപ്പങ്ങൾക്കോ നമ്മുടെ ജീവിതത്തിൽ സ്ഥാനമില്ലാ തായിരിക്കുന്നു.

എമ്മാവൂസിലേക്കു പോയ ശിഷ്യരെപോലെ നാം മ്ലാനവദനരാകുന്നത് ഈ സദ്വാർത്ത പലപ്പോഴും നമ്മുടെ അറിവിന്റെ തലത്തിൽ നിന്ന് ഹൃദയത്തിന്റെ തലത്തിലേക്ക് അരിച്ചിറങ്ങാത്തതു കൊണ്ടാകാം. ''ഞാൻ ചെയ്യുന്ന പ്രവൃത്തികൾതന്നെ എനിക്ക് മനസിലാകുന്നില്ല. എന്തെന്നാൽ, ഞാൻ ഇച്ഛിക്കുന്നതല്ല, വെറുക്കുന്നതാണു ഞാൻ പ്രവർത്തിക്കുന്നത്'' (റോമാ 7, 15) എന്നതാ യിരിക്കാം പലപ്പോഴും നമ്മെ നിരാശപ്പെടുത്തുന്ന യാഥാർഥ്യം. അന്ന് ശിഷ്യരെ തേടിയെത്തിയ യേശു നമ്മുടെ യാത്രയിലും ഒപ്പം ചേരുകയാണ്. ക്രിസ്തു ഇതെല്ലം സഹിച്ചു മഹത്ത്വത്തിലേക്ക് പ്രവേശിക്കേണ്ടിയിരുന്നത് അവനിൽ വിശ്വസിക്കുന്നവർക്ക് ദൈവം ദാനമായി നല്കുന്ന പുതുജീവിതത്തിൽ മുന്നേറാനാണെന്ന സുവിശേഷം വീണ്ടും നമുക്കു വ്യാഖ്യാനിച്ചു നല്കാനാണ്.

ക്രിസ്തുവിന്റെ ഉയിർപ്പിനെ പുല്കാൻ ഞാൻ, എന്റെ അഹത്തോടു മരിക്കേണ്ടിയിരിക്കുന്നു. 'നാം അവനോടുകൂടെ മരിച്ചിട്ടുണ്ടെങ്കിൽ അവനോടുകൂടെ ജീവിക്കും' (2 തിമോ 2, 11). ജ്ഞാനസ്നാനത്തിലൂടെ യേശുവിന്റെ മരണത്തിൽ പങ്കുചേർന്ന നമുക്ക് ദൈനംദിന ജീവിതത്തിൽ അവനോടുകൂടെ സ്വയത്തോടു മരിക്കാൻ എത്രമാത്രം അവസരങ്ങളാണു ലഭിക്കുന്നത്! വിശുദ്ധ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പ ഓർമിപ്പിക്കുന്നു 'അതിനാൽ പാപത്തിനും ആസക്തി കൾക്കും വിദ്വേഷത്തിനും ശത്രുതയ്ക്കും ആത്മീയവും ഭൗതികവുമായ എല്ലാ അസന്തുലിതാ വസ്ഥയ്ക്കും നീരസത്തിനും പീഡകൾക്കും കാരണമാകുന്ന എല്ലാറ്റിനോടും മരിക്കുന്നതാണ് നമ്മുടെ ഈസ്റ്റർ. ഈ മരണം വാസ്തവത്തിൽ ഒരു മഹത്തായ ലക്ഷ്യത്തിലേക്കുള്ള ആദ്യപടി മാത്രമാണ്.' മരിക്കുമ്പോൾ നാം നിത്യജീവിതത്തിലേക്കു ജനിക്കുകയാണ് എന്ന വിശുദ്ധ ഫ്രാൻസിസിന്റെ ബോധ്യം നമ്മിലും ആഴപ്പെട്ടാൽ നമ്മുടെ ജീവിതങ്ങളും ആനന്ദത്താൽ നിറയും.

ഇനിയും വിട്ടുമാറാത്ത പാപങ്ങളും തഴക്കദോഷങ്ങളും നമ്മിൽ അവശേഷിപ്പിക്കുന്ന കുറ്റബോധം, പരാജയങ്ങൾ, നിന്ദനങ്ങൾ, പഴിചാരലുകൾ, മാരക രോഗങ്ങൾ, ഉറ്റവരുടെ മരണം തുടങ്ങി ജീവിതത്തിലെ സഹനങ്ങൾ നമ്മെ കനത്ത ഒറ്റപ്പെടലിലേക്കും മൗനത്തിലേക്കും നയിച്ചേക്കാം. ആ സമയം മനുഷ്യർ നല്കുന്ന ഒരു സമാശ്വാസവും നമ്മെ സ്പർശിച്ചെന്നു വരില്ല.

എന്നാൽ അവയെക്കാളേറെ നമ്മുടെ ഉള്ളിൽ  കുടികൊള്ളുന്ന ദൈവാത്മാവിനാൽ  നമ്മുടെ ശ്രദ്ധയെ  ഉത്ഥാനത്തിന്റെ  ശക്തിയിൽ പതിപ്പിച്ച്, ദൈവികപ്രചോദനമനുസരിച്ചു മുന്നോട്ടുനീങ്ങിയാൽ ഈ 'മരണങ്ങളിലെല്ലാം' ക്രിസ്തുവിനോടൊപ്പം ഉയിർപ്പിക്കപ്പെടുന്ന അനുഭവത്തിലേക്ക് കടന്നുവരുവാൻ നമുക്കാകില്ലേ? ഉത്ഥിതനാൽ ശക്തീകരിക്കപ്പെട്ട് ഇഹലോകജീവിതം നയിക്കുന്നത് പറഞ്ഞറിയിക്കാനാവാത്ത അനുഭവംതന്നെയാണ്.

പൗലോസിനെപോലെ, ക്രിസ്തുവിനെയും  അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും കൂടുതൽ അറിയാനുള്ള തീവ്രമായ ആഗ്രഹം ദൈവാത്മാവ് നല്കുന്ന ദാനമാണ്. ആ ആഗ്രഹമാണ്, കർത്താവിനെപ്രതിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതായതുകൊണ്ട് അവനെ പ്രതി സകലവും നഷ്ടപ്പെടുത്താനും ഉച്ഛിഷ്ടം പോലെ കരുതാനും നമ്മെ പ്രാപ്തരാക്കുന്നത്.

യേശുവിന്റെ പുനരുത്ഥാനത്തോടെ ലോകത്തിലേക്ക് പരിശുദ്ധാത്മാവിന്റെ നിറവ് അനർഗളം പ്രവഹിച്ചു. പിതാവിൽനിന്ന് പുത്രനിലൂടെ ഒഴുകുന്ന ആ ദിവ്യപ്രവാഹം നമ്മെയടക്കമുള്ള  എല്ലാ സൃഷ്ടികളെയും നവീകരിച്ചു. ഈ ആത്മാവിലുള്ള പുതുജീവിതത്തിനു വേണ്ടിയാണ് ക്രിസ്തു നമുക്കായി മരിച്ചുയിർത്തത്. ഈ പുതുജീവന്റെ വെട്ടത്തിൽ നമ്മളെത്തന്നെ കാണാനായാൽ ദൈവാത്മാവിന്റെ പുതിയ കാഴ്ചപ്പാടും   ധൈര്യവും സ്ഥിരോത്സാഹവും നമ്മിൽ നാമ്പെടുക്കുന്നതു തിരിച്ചറിയാനാവും. തിന്മയ്ക്കുപകരം നന്മയും അലസതയ്ക്കു പകരം ഉന്മേഷവും ഭീരുത്വത്തിനു പകരം ധൈര്യവും നമ്മിൽ പൂത്തുലയും. ഇതാണ് യേശു തന്റെ മഹത്വപൂർണമായ ഉത്ഥാനത്തിലൂടെ സാധ്യമാക്കിയ, ദൈവരാജ്യത്തിലെ ശോഭയേറിയ ജീവിതം. ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വാസപൂർവം നമുക്ക് മിഴിയുറപ്പിക്കാം. പിതാവിന്റെ മഹത്ത്വത്തിനായി, അവനോടൊപ്പം ഉയർത്തെഴുന്നേൽക്കാനുള്ള വിളിയെ ഹൃദയത്തിൽ സ്വീകരിക്കാം. ജീസസ് യൂത്ത് സമൂഹമെന്ന നിലയിൽ ഉയർപ്പിന്റെ ശക്തിയിൽനിന്നു ലഭിക്കുന്ന പുതുജീവിതം അതിന്റെ പൂർണതയിൽ നമുക്ക് ജീവിക്കാം. പാഷനിസ്റ്റ് സഭയുടെ സ്ഥാപകനായ കുരിശിലെ വിശുദ്ധ പൗലോസ് ഉദ്ബോധിപ്പിക്കുന്നതു പോലെ 'ഉത്ഥിതനായ ക്രിസ്തുവാണ് നമ്മുടെ ബലവും പ്രത്യാശയും വിജയവും. അവിടത്തോട് ഐക്യപ്പെട്ടും അവിടത്തെ ഉത്ഥാനത്തിന്റെ ശക്തിയിലുമാവണം നാം ജീവിക്കുന്നത്.'